# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 533      30.06 ~~12.07~~.2016 -ൽ മറുപടിക്ക്

**<u>കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയം</u>**

<u>ചോദ്യം</u>

<u>ഉത്തരം</u>

ശ്രീമതി. പി.അയിഷാ പോറ്റി :

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും മ്യൂസിയവും പുരാവസ്തുവും
പുരാരേഖയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിലെ ഏക സർക്കാർ മ്യൂസിയമായ കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിന്റെ പ്രവർത്തനം തുടരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും | കൊട്ടാരക്കര തമ്പുരാൻ സ്മാരക ക്ലാസിക്കൽ കലാ മ്യൂസിയത്തിന്റെ നവീകരണ തുടർ പ്രവർത്തനങ്ങൾക്കായി 13,73,124/- രൂപ ചെലവഴിച്ചിട്ടുണ്ട്. മ്യൂസിയം സ്ഥിതി ചെയ്യുന്ന കെട്ടിടം ദേവസ്വം ബോർഡിന്റെ അധീനതയിലായതിനാൽ മ്യൂസിയത്തിന്റെ വിപുലമായ വികസന പ്രവർത്തനങ്ങൾക്ക് പരിധിയുണ്ട്. എന്നാൽ പ്രസ്തുത മ്യൂസിയം ഉൾപ്പെടുന്ന സ്ഥലം 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിത സ്മാരകമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി പ്രസ്തുത സ്ഥലത്തിന്റെ റവന്യൂ വിശദ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മ്യൂസിയത്തിന്റെ നവീകരണത്തിനും വിപുലീകരണത്തിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ